2880
7/7/12

കേരള സർക്കാർ
സംഗ്രഹം

ഇൻഫർമേഷൻ & പബ്ളിക്ക് റിലേഷൻസ് വകുപ്പ് - അക്രഡിറ്റേഷൻ - മാധ്യമ പ്രവർത്തകരിൽ എഡിറ്റോറിയൽ വിഭാഗത്തിൽ ജോലിനോക്കുന്നവർക്ക് അക്രഡിറ്റേഷൻ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇൻഫർമേഷൻ & പബ്ളിക്ക് റിലേഷൻസ് (സി) വകുപ്പ്**

സ ഉ (സാധാ)നം.185/09/ഐ&പി.ആർ. തിരുവനന്തപുരം, തീയതി: 10..7..09

---

പരാമർശം:-1) സർക്കാർ ഉത്തരവ് (പി) നം.9/2000/ഐ.പി.ആർ. തീയതി 8/12/2000

2) 7..5..09 ലെ പ്രസ് അക്രഡിറ്റേഷൻ കമ്മിറ്റിയുടെ മിനിട്സ്

**ഉത്തരവ്**

7/5/09 ൽ പ്രസ് അക്രഡിറ്റേഷൻ കമ്മിറ്റിയുടെ യോഗം ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും മാധ്യമ പ്രവർത്തകരിൽ എഡിറ്റോറിയൽ വിഭാഗത്തിൽ ജോലിനോക്കുന്നവർക്ക് അക്രഡിറ്റേഷൻ നൽകുന്ന വിഷയം ചർച്ചചെയ്യുകയും ചെയ്തു.

പ്രസ് അക്രഡിറ്റേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എഡിറ്റോറിയൽ വിഭാഗത്തിൽ ജോലി നോക്കുന്ന മാധ്യമ പ്രവർത്തകർക്ക് അക്രഡിറ്റേഷൻ അനുവദിക്കുന്നതിനു താഴെ പറയുന്ന നിബന്ധനകൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. പത്രസ്ഥാപനങ്ങളിൽ ആകെ അഞ്ചു വർഷത്തെ പത്രപ്രവർത്തന പരിചയം ഉണ്ടായിരിക്കുകയും അതിൽ നിലവിൽ ജോലി ചെയ്തു കൊണ്ടിരിക്കുന്ന പത്രസ്ഥാപനത്തിൽ സ്ഥിരംജീവനക്കാരനായി കുറഞ്ഞത് ഒരു വർഷമെങ്കിലും പൂർത്തിയാക്കിയതായി വ്യക്തമായ രേഖകൾ സഹിതം തെളിയിക്കേണ്ടതാണ്.
2. മീഡിയാലിസ്റ്റിൽ സി, ഡി, കാറ്റഗറിയിൽ ഉൾപ്പെടുന്ന പത്രങ്ങളിലെ സീനിയർ സബ് എഡിറ്റർമാർമുതൽ മുകളിലോട്ടുള്ളവർക്ക് മാത്രമാണ് ഇത്തരം അക്രഡിറ്റേഷൻ അനുവദിക്കുന്നത്. ഇലക്ട്രോണിക് മീഡിയയിലെ എഡിറ്റോറിയൽ വിഭാഗത്തിൽ പ്രവർത്തിക്കുന്നവർക്കും ഇതു ബാധകമായിരിക്കും.
3. പ്രോവിഡന്റ് ഫണ്ട് അംഗത്വം തെളിയിക്കുന്നതിനായി അപേക്ഷ അയക്കുന്നതിനുതൊട്ടുമുമ്പുള്ള മാസത്തെ ശമ്പള ബില്ലിന്റെ പകർപ്പ് കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
4. ഇത്തരത്തിൽ അക്രഡിറ്റേഷൻ അനുവദിക്കുന്നവർക്ക് ബസ് പാസ് ആനുകൂല്യത്തിനു അർഹത ഉണ്ടായിരിക്കുന്നതല്ല.

5. വയസ്, യോഗ്യത എന്നിവ തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റുകളുടെ പകർപ്പും മറ്റ് യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പും ഹാജരാക്കേണ്ടതാണ്. അപേക്ഷയോടൊപ്പം അയക്കുന്ന രേഖകളുടെ പകർപ്പുകൾ എല്ലാം തന്നെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയതായിരിക്കണം.
6. പത്രത്തിൽ നിന്ന് മാറുകയോ പെൻഷൻ ആവുകയോ ചെയ്യുമ്പോൾ അക്രഡിറ്റേഷൻ കാർഡ് നിർബന്ധമായും സറണ്ടർചെയ്യേണ്ടതാണ്. പത്രസ്ഥാപനങ്ങൾ, ഇലക്ട്രോണിക് മാധ്യമങ്ങൾ എന്നിവയിലെ പെൻഷൻ പ്രായമോ, 60 വയസ്സോ - ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ അക്രഡിറ്റേഷൻ സ്വാഭാവികമായും റദ്ദാകുന്നതായിരിക്കും.
7. അക്രഡിറ്റേഷൻ കാർഡ് ഓരോ വർഷവും പുതുക്കേണ്ടതും കാലാവധികഴിഞ്ഞ് മൂന്നുമാസത്തിനകം പുതുക്കിയില്ലെങ്കിൽ സ്വാഭാവികമായും കാർഡ് റദ്ദാവുന്നതുമാണ്.

പ്രസ് അക്രഡിറ്റേഷൻ സംബന്ധിച്ച് പരാമർശം 1 ലെ ഉത്തരവിൽ പറഞ്ഞിട്ടുള്ള പൊതുനിബന്ധനകൾ എഡിറ്റോറിയൽ വിഭാഗത്തിലുള്ള പ്രസ്സ് അക്രഡിറ്റേഷനും ബാധകമാക്കി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ഷീലാ തോമസ്
ഗവൺമെന്റ് സെക്രട്ടറി

1.) എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
2.) എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3.) ഇൻഫർമേഷൻ ഓഫീസർ (പ്രസ് റിലീസ് )
4.) ഡെപ്യൂട്ടി ഡയറക്ടർ (മീഡിയാ റിലേഷൻസ്)
5.) സെക്രട്ടറിയുടെ പി.എക്ക്
6.) ഡയറക്ടറുടെ പി.എക്ക്
7.) കരുതൽഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ